# തെങ്ങ് കൃഷിയിൽ നൈപുണ്യ വികസനപരിശീലനം ✓

MD 7/1/'19

**കാസർകോട്:** തെങ്ങ് കൃഷിയിലെ സമഗ്ര കൃഷിരീതികളും മൂല്യവർധിത ഉൽപന്നങ്ങൾ തയാറാക്കലും എന്ന വിഷയത്തിൽ 25 ദിവസം ദൈർഘ്യമുള്ള നൈപുണ്യ വികസന പരിശീലനപരിപാടി കാസർകോട് സി.പി.സി.ആർ.ഐ കൃഷിവിജ്ഞാനകേന്ദ്രത്തിൽ ജനുവരിഫെബ്രുവരി മാസങ്ങളിലായി സംഘടിപ്പിക്കും. തെങ്ങിന്റെ ശാസ്ത്രീയ കൃഷിരീതികൾ, വിളസംരക്ഷണം, വിളപരിപാലനം, തേങ്ങയിൽനിന്ന് മൂല്യവർധിത ഉൽപന്നങ്ങൾ തയാറാക്കൽ, നീര തയാറാക്കൽ തുടങ്ങിയ വിഷയങ്ങളിൽ വിശദമായ ക്ലാസുകളും പ്രയോഗിക പരിശീലനവും നൽകും. പരിശീലനപരിപാടിയിൽ സംബന്ധിക്കാൻ താൽപര്യമുള്ളവർ 04994 232993, 9496296986 ഫോൺ നമ്പറിൽ ബന്ധപ്പെടണം.

# ✓തെങ്ങുകയറ്റ പരിശീലനം

**കാസർകോട്:** സി.പി.സി.ആർ.ഐ കൃഷി വിജ്ഞാനകേന്ദ്രം 25 ദിവസത്തെ തെങ്ങുകയറ്റ പരിശീലനവും നീര ഉൽപാദന പരിശീലനവും നൽകുന്നു. അഞ്ചാംക്ലാസ് യോഗ്യതയും 18നും 45നും മധ്യേ പ്രായമുള്ളവരുമാകണം. പരിശീലന പരിപാടിയിൽ യുവതീയുവാക്കൾക്ക് മുൻഗണന നൽകും. താൽപര്യമുള്ളവർ ജനുവരി 14ന് രാവിലെ 10.30ന് കാസർകോട് ചൗക്കിയിലെ കൃഷി വിജ്ഞാൻ കേന്ദ്രത്തിൽ കൂടിക്കാഴ്ചക്ക് ഹാജരാവണം. തിരഞ്ഞെടുക്കപ്പെടുന്ന 20 പേർക്ക് തൊഴിൽ പരിശീലനത്തിന് പുറമെ താമസവും ഭക്ഷണവും സൗജന്യമായി നൽകും. പരിശീലനം നേടിയവർക്ക് അഗ്രികൾചറൽ സ്കിൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ സർട്ടിഫിക്കറ്റും നൽകും. കൂടുതൽ വിവരങ്ങൾക്ക് 04994 232993 ,9591029963.

Madhyamam, 07.01.2019